**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1603** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഇ.എം.എസ്. മിനി സ്റ്റേഡിയം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 2025-26 വർഷത്തെ ബജറ്റിൽ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളിയിലുള്ള ഇ.എം.എസ്. മിനി സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** തലശ്ശേരി നിയോജക മണ്ഡലത്തിലെ എരിഞ്ഞോളി ഇ.എം.എസ് മിനിസ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും 189.57 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതിയും നൽകി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ശ്രീ. അബ്ദുൾ സത്താർ എന്ന കരാറുകാരനുമായി 153.33 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ & ബാഡ്മിന്റൺ കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിനേജ്, ഫ്ളെഡ് ലൈറ്റ്, കോമ്പൗണ്ട് വാൾ & ഗേറ്റ്, ടോയ്ലറ്റ് കം ഓഫീസ് ബിൽഡിംഗ്, ഓപ്പൺ സ്റ്റേജ്, ഇന്റർലോക്ക്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ പ്രസ്തുത ഗ്രൗണ്ടിൽ മരങ്ങൾ നിൽക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് മുഖേനെ മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. മരങ്ങൾ മുറിച്ച് മാറ്റിയാലുടൻ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പദ്ധതി പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**